(ബി) കേരളത്തിലെ എല്ലാ വന്യജീവി സങ്കേതങ്ങളും നാഷണൽ പാർക്കുകളും അതുപോലെ ശുദ്ധജലതടാകങ്ങൾ, കണ്ടൽ കാടുകൾ, പക്ഷിസങ്കേതങ്ങൾ തുടങ്ങിയ ഇക്കോ ടൂറിസത്തിന് സാധ്യതയുള്ള സ്ഥലങ്ങൾ വിവിധ വകുപ്പുകളുടെ അധികാര പരിധിയിലാണ്. ഈ വകുപ്പുകളുമായി ബന്ധപ്പെട്ട് ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ളത്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പത്താം പദ്ധതിക്കാലത്തെ വൈദ്യുതി ഉൽപ്പാദനം

1 [1898] ശ്രീ. വി. ജെ. പൗലോസ്:
,, കെ. ബാബു:
,, കെ. അച്ചുതൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പദ്ധതി (2002-07) കാലത്ത് സംസ്ഥാനത്തെ വൈദ്യുതിയുടെ ഉപഭോഗം എത്രകണ്ട് വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് വൈദ്യുതിയുടെ ഉല്പാദനം എത്രകണ്ട് വർദ്ധിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അതിൽ എത്ര കണ്ട് ഇതിനുള്ളിൽ വർദ്ധിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ വൈദ്യുതി ഉൽപാദനം, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിവയ്ക്കുവേണ്ടി എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിച്ചിരുന്നത്; അതിൽ എന്തു തുക ഇതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പത്താം പദ്ധതി അവസാനിക്കുമ്പോൾ അതായത് 2006-07 അവസാനം സംസ്ഥാനത്തെ വൈദ്യുതിയുടെ ഉപഭോഗം 22998 ദശലക്ഷം യൂണിറ്റായി വർദ്ധിക്കുമെന്നാണ് പതിനാറാം പവർ സർവ്വേ പ്രകാരം കണക്കാക്കിയിരിക്കുന്നത്.

(ബി) പത്താം പദ്ധതിക്കാലത്ത് ജലവൈദ്യുത പദ്ധതികളിൽ നിന്നായി 176.35 മെഗാവാട്ട് (790.65 ദശലക്ഷം യൂണിറ്റ്) സ്വകാര്യ താപനിലയങ്ങളിൽ നിന്നായി 605 മെഗാവാട്ട് (3755 ദശലക്ഷം യൂണിറ്റ്) കേന്ദ്ര താപവൈദ്യുത നിലയങ്ങളിൽ നിന്നുള്ള വിഹിതമായി 340 മെഗാവാട്ട് (2380 ദശലക്ഷം യൂണിറ്റ്) എന്നിങ്ങനെയായി ആകെ 1121.35 മെഗാവാട്ട് (6925.65 ദശലക്ഷം യൂണിറ്റ്) വൈദ്യുതി അധികമായി ലഭ്യമാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ, ചെമ്പ്കടവ് I & II, ഉറുമി I & II, വഴിക്കടവ് ഡൈവേർഷൻ, വടക്കേപുഴ ഡൈവേർഷൻ എന്നിവ കമ്മീഷൻ ചെയ്തതുവഴി സ്ഥാപിതശേഷിയിൽ 12.60 മെഗാവാട്ടിന്റെയും, ഉൽപാദനശേഷിയിൽ 67.51 ദശലക്ഷം യൂണിറ്റിന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതുകൂടാതെ കുറ്റ്യാടി ആഗ്മെന്റേഷൻ ഭാഗികമായി കമ്മീഷൻ ചെയ്തതു വഴി ഉൽപ്പാദനശേഷിയിൽ 223 ദശലക്ഷം യൂണിറ്റിന്റെ വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(ഡി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കാൻ നടപടി

2 [1899] ശ്രീ. എം. പി. ഗംഗാധരൻ:
,, സി. പി. മുഹമ്മദ്:
ശ്രീമതി മേഴ്സി രവി:
ശ്രീ. പി. ടി. തോമസ്:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പ്രതിദിനം ജലവൈദ്യുത പദ്ധതികളിൽ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കപ്പെടുന്നു;

(ബി) പ്രതിദിനം എത്ര താപവൈദ്യുതി സംസ്ഥാനം വിലയ്ക്ക് വാങ്ങുന്നു;

(സി) പ്രതിദിനം ഉപയോഗിക്കുന്ന താപ വൈദ്യുതിയുടെയും ജലവൈദ്യുതിയുടെയും അനുപാതം എത്രയാണ്;

(ഡി) താപ വൈദ്യുതിയുടെയും ജലവൈദ്യുതിയുടെയും വില യൂണിറ്റ് ഒന്നിന് എത്രയാണ്;

(ഇ) ജലവൈദ്യുതിയുടെ അനുപാതം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ എടുക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) ഈ നടപടികൾ പ്രാവർത്തികമാകുമ്പോൾ ജലവൈദ്യുതിയുടെയും താപ വൈദ്യുതിയുടെയും അനുപാതം എത്രയായിരിക്കുമെന്ന് വിശദമാക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly